HLM-0022

The Heavenly Light Ministry

എന്നുള്ളമേ സ്തുതിക്ക നീ പരനെ തൻ
നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരംഗമേ അനുദിനവും
നന്ദിയോടെ പാടി പുകഴ്ത്താം (02)

സുരലോകസുഖം വെടിഞ്ഞു നിന്നെ
തേടിവന്ന ഇടയൻ തന്റെ
ദേഹമെന്ന തിരശീല ചീന്തി തവ
മോക്ഷമാർഗ്ഗം തുറന്നു... എന്നുള്ളമേ

പാപരോഗത്താൽ നീ വലഞ്ഞു തെല്ലു
മാശയില്ലാതലഞ്ഞു പാരം
കേണിടുമ്പോൾ തിരുമേനിയതിൽ നിന്റെ
വ്യാധിയെല്ലാം വഹിച്ചു... എന്നുള്ളമേ

പല ശോധനകൾ വരുമ്പോൾ
ഭാരങ്ങൾ പെരുകിടുമ്പോൾ
നിന്നെ കാത്തു സൂക്ഷിച്ചൊരു കാന്തനല്ലോ
നിന്റെ ഭാരമെല്ലാം ചുമന്നു... എന്നുള്ളമേ

ആത്മാവിനാലെ നിറച്ചു ആനന്ദമുള്ളിൽ പകർന്നു
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചിടും തവ
സ്നേഹമതിശയമേ... എന്നുള്ളമേ